# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1644** **04.12.2015 ൽ മറുപടിയ്ക്ക്**

## റബ്ബർ വിലയിടിവ്

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) റബ്ബർ വിലയിടിവ് മൂലം കഷ്ടത അനുഭവിക്കുന്ന റബ്ബർ കർഷകരുടെ വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) 2011-ൽ ഒരു കിലോ റബ്ബറിന്റെ വില എത്രയായിരുന്നു; നിലവിൽ എത്ര രൂപയാണ്; വിശദാംശങ്ങൾ നൽകുമോ ; | (ബി) റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയിലെ കണക്കുപ്രകാരം, 2011 മേയ് മാസത്തെയും ഇപ്പോഴത്തെയും വില (കിലോയ്ക്ക്) താഴെ ചേർത്തിരിക്കുന്നു. |

| ഗ്രേഡ് | 2011 മേയ് മാസത്തെ വില | ഇപ്പോഴത്തെ വില (21.11.15 ന് അവസാനിക്കുന്ന ആഴ്ചയിലെ വില) |
|---|---|---|
| RSS-1 | 245.69 | 115.00 |
| RSS-2 | 240.69 | 113.00 |
| RSS-3 | 230.92 | 110.00 |
| RSS-4 | 225.23 | 108.00 |
| RSS-5 | 223.06 | 106.67 |

| | |
|---|---|
| (സി) റബ്ബർ കർഷകരെ സഹായിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (സി) സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന നിന്ന സാഹചര്യത്തിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും, കർഷകരെ സഹായിക്കുന്നതിനുമായി വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25.02.2014 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.56/2014/കൃഷി, പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബർ സംഭരണം നടത്തിയിട്ടുള്ളത്.<br>റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ |

ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്കിൽ കേന്ദ്ര സർക്കാർ തീരുമാനമായിട്ടുണ്ട്.

റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം റബ്ബർ ബോർഡിലെ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിൽപ്പന ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകിവരുന്നു.

(ഡി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം എത്ര രൂപയുടെ ആനുകൂല്യങ്ങൾ കർഷകർക്ക് നൽകിയിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് വിശദമാക്കുമോ ?

(ഡി)

| ജില്ല | സബ്സിഡി |
|---|---|
| തിരുവനന്തപുരം | 18296499 |
| കൊല്ലം | 35779409 |
| ആലപ്പുഴ | 0 |
| പത്തനംതിട്ട | 25361057 |
| കോട്ടയം | 62264384 |
| ഇടുക്കി | 22343064 |
| തൃശ്ശൂർ | 13812027 |
| എറണാകുളം | 36365437 |
| പാലക്കാട് | 39670444 |
| മലപ്പുറം | 55621529 |
| കോഴിക്കോട് | 12819001 |
| കണ്ണൂർ | 50571217 |
| വയനാട് | 0 |
| കാസർഗോഡ് | 25183828 |

സെക്ഷൻ ഓഫീസർ